# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P7/2251/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSA KLM P7/2251/23 തീയ്യതി: 26/12/2023

# കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അമ്പിളി എം ഡി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 30-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2023 | 30-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി.അമ്പിളി.ജി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി .ഹർഷ.എൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബി. യശോദ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജോർജ് അലോഷ്യസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .അനു.ആർ.ബാബു | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .ജീനാ.ജി | അസി.എക്സി.എഞ്ചീനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി .ശശികല.സി.ഐ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 08-03-2023 |
| ശ്രീ. ശംഭു.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 09-03-2023 | 31-03-2023 |
| ശ്രീമതി .ലളിതാംബിക.റ്റി | ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീല. എസ് | അഡീഷണൽ ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .പ്രീത.എൽ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 31-03-2023 |
| ഡോ. സീന. എൽ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. സലീലദേവി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി. മയ്യനാട് | 01-04-2022 | 31-03-2023 |
| ഡോ.നെബുജോൺ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി.നെടുമ്പന | 01-04-2022 | 22-11-2022 |
| ഡോ. അനീഷ്. പി.ഐ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി.നെടുമ്പന | 23-11-2022 | 31-03-2023 |
| ശ്രീ. ബിനോയ്. ആർ | ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബ്ലസി മേരി.ബി | അസി.എഞ്ചീനിയർ | 01-04-2022 | 06-09-2022 |
| ശ്രീമതി. ഡെയ്സി | അസി.എഞ്ചീനിയർ | 06-09-2022 | 12-12-2022 |
| ശ്രീമതി മിനി. ആർ | അസി.എഞ്ചീനിയർ-ഇൻ-ചാർജ് | 12-12-2022 | 13-12-2022 |
| ശ്രീമതി കാർത്തിക.എൽ. ആർ | അസി.എഞ്ചീനിയർ | 14-12-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്ടിനായുള്ള ബ്ലോക്ക് പഞ്ചായത്ത് ഷെയർ ഇനത്തിൽ ബാധ്യത കുറച്ച് കാണിച്ചിരിക്കുന്നു. | 1-1-5 |
| 7 | ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുകകൾ എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിരിക്കുന്നു. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്യാഷ് പരിശോധന | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 16 | വാടക ഈടാക്കിയില്ല | 1-10 |
| 17 | വാടക തുകയുടെ കൂടെ ജി.എസ്.റ്റി ഈടാക്കുന്നില്ല | 1-11 |
| 18 | ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് സംരംഭം - പ്രവർത്തനം തുടങ്ങിയില്ല | 1-12 |
| 19 | സബ്സിഡി മാർഗ്ഗരേഖ ലംഘനം - അധിക ചെലവ് നിരാകരിക്കുന്നു | 1-13 |
| 20 | മരുന്നുകൾ ലഭ്യമായില്ല | 1-14 |
| 21 | കേരള ഫീഡ്സിന് തുക അധികം നൽകി | 1-15 |
| 22 | പാനൽ എഞ്ചിനീയർമാർ മുഖേനയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-16 |
| 23 | ഇ-ടെണ്ടർ ഫാറവില പൂർണ്ണമായും തനതുഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം. | 1-17 |
| 24 | നിർവ്വഹണ സാദ്ധ്യത പരിഗണിക്കാതെ പ്രോജക്ട് രൂപീകരിച്ചു- പദ്ധതി നിർവ്വഹണം ഭാഗികം. | 1-18 |
| 25 | വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല- തടസ്സപ്പെടുത്തുന്ന തുക – 4,56,276/-രൂപ | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | സബ്സിഡി മാർഗ്ഗരേഖ ലംഘനം - അധിക ചെലവ് നിരാകരിക്കുന്നു | 3-1 |
| 2 | കേരള ഫീഡ്സിന് തുക അധികം നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |
| 4 | ഓഡിറ്റ് എവിഡൻസ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-6-23 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 11-7-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്

#### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

B1 Schedule ഉൾപ്പെടുത്തിയിട്ടില്ല.

#### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

#### 1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ.

#### 1-1-5 സംയുക്ത പ്രോജക്ടിനായുള്ള ബ്ലോക്ക് പഞ്ചായത്ത് ഷെയർ ഇനത്തിൽ ബാധ്യത കുറച്ച് കാണിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വരവു വന്ന തുകയിൽ (39,020/-) 118/- രൂപ തെറ്റായി ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

#### 1-1-6 ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുകകൾ എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിരിക്കുന്നു.

ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുകകൾ എ.സി.ആർ പ്രകാരം ചെലവായി കാണിച്ചിരിക്കുന്നു. Developement Fund

General, Maintenance Grant Non Road.

| ഫണ്ടിനം | പ്രോജക്ട് നം./പേര് | അലോട്ട്മെന്റ് നം . | തുക (₹) |
|---|---|---|---|
| Maintenance Grant Non Road. | 83 / Office Expense Of Asst. Executive Engineer Office | 223//22-02-23 | 3,856/- |
| | ” | 271//12-01-23 | 1,629/- |
| | ” | 313/17-02-23 | 5,141/- |
| | 93 / Purchase Of X-Ray Machine, FHC Mayyanad | 467/28-03-23 | 9,32,098/- |
| | 131 / Annual Maintenance Of Computers | 413/17-03-23 | 24,500/- |
| Development Fund (General) | 62 / Hiring Of Vehicle In Asst. Executive Engineer Office | 423/20-03-23 | 35,500/- |
| | Doctors Honorarium, CHC, Nedumpana | 449/25-03-23 | 57525/- |
| | Plan Formation Monitoring-13 | 515/29-03-23 | 14,196/- |
| | Life (General) | 519/31-03-23 | 1,80,000/- |
| | Life (General) | 520/31-03-23 | 86,640/- |
| | Life (General) | 521/31-03-23 | 2,20,000/- |
| | Life (General) | 522/31-03-23 | 2,00,000/- |
| | Life (General) | 523/31-03-23 | 1,00,000/- |
| | Life (General) | 524/31-03-23 | 4,80,000/- |
| | Life (General) | 525/31-03-23 | 1,40,000/- |
| | 85 / ഞങ്ങളും കൃഷിയിലേക്ക് (വനിതാ സംയുക്തം) | 526/31-03-23 | 4,000/- |
| | | 527/31-03-23 | 2,000/- |
| | | 528/31-03-23 | 2,000/- |
| | 145 / സെക്കൻഡറി പാലിയേറ്റീവ് കെയർ | 529/31-03-23 | 19,542/- |
| | 75 / പള്ളിമൺ ബ്രിഡ്ജ് ഗീതാഞ്ജലി റോഡ് കോൺക്രീറ്റിംഗ് | 530/31-03-23 | 5,00,000/- |

1-2 ബജറ്റ്

31-03-22 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 18-03-23 ലെ 3(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,46,50,233/ -രൂപ |
| വരവ് | 10,45,35,164/-രൂപ |
| ആകെ | 11,91,85,397/-രൂപ |
| ചെലവ് | 10,36,39,780/-രൂപ |
| നീക്കിയിരിപ്പ് | 1,55,45,617/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 1,56,481/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 14,95,733/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | - | 34534500/- | 34534500/- | 30565613/- | 3968887/- |
| വികസന ഫണ്ട്- എസ്.സി.പി. | - | 23131000/- | 23131000/- | 20560834/- | 2570166/- |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | - | 9135000/- | 9135000/- | 6861300/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied (ബാങ്ക്) | 0 | 5844811/- | 5844811/- | 5568000/- | 276811/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied (ബാങ്ക്) | 36,82,278/- | 8352000/- | 12034278/- | 6643582/- | 5390696/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied(ട്രഷറി) | | 1628139/- | 1628139/- | 872029/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- UnTied(ട്രഷറി) | - | 1628/- | 1628/- | 1628/- | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 55,73,422/- | 0 | 55,73,422/- | 0 | 55,73,422/- |
| PYCKA | 27,961/- | 820/- | 28781/- | 0 | 28781/- |
| IAY(ജനറൽ) | 7,917/- | 0 | 7,917/- | 0 | 7,917/- |
| IAY(SCP) | 31,911/- | 48,00,000/- | 4831911/- | 4766000/- | 65911/- |
| വിർച്ചൽ ക്ലാസ് റൂം | 135816/- | 3912/- | 139728/- | 0 | 139728/- |
| ലോക്കൽ ഏരിയ ഡി | 4,87,686/- | 2448006/- | 2935692/- | 2431988/- | 503704/- |
| നിർമ്മൽ പുരസ്കാർ | 2,86,345/- | 168797/- | 455142/- | - | 455142/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഫണ്ട് (മെമ്പേഴ്സ് ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി) | 1,56,140/- | 4496/- | 160636/- | 118/- | 160518/- |
| IAY REFUND | | 371150/- | 371150/- | 0 | 371150/- |
| ഹാർവെസ്റ്റിംഗ് മിഷ്യൻ | 498057/- | 40641/- | 538698/- | - | 538698/- |
| OTHERS | 2044258/- | 322499/- | 2366757/- | 1568578/- | 798179/- |
| ശുചിത്വമിഷൻ | 161/- | 15/- | 176/- | - | 176/- |
| BEST PANCHAYAT AWARD | | 25,00,000/- | 25,00,000/- | 13,66,239/- | 11,33,761/- |

സി.എഫ്.സി. സുലേഖ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ 18,463/-രൂപയുടെ വ്യത്യാസം ഉണ്ട്. മുൻവർഷ ബിൽ തുക ബാങ്കിൽ നിന്നും തൻവർഷം ചെലവായതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 136 | 14,43,15,407/- | 90 | 7,75,41,284/- | 13 | 33 | 66% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.23, 2.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ടി ദിവസം ബ്ലോക്ക് പഞ്ചായത്തിൽ വരവില്ല.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.23 മുതൽ 26.06.23 വരെ | 2022-23 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2018 | 2013-14 മുതൽ 2016-17 വരെ | 29.05.2018 |

## 1-10 വാടക ഈടാക്കിയില്ല

2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം വാടക കുടിശ്ശിക വരുത്തിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം: | കടമുറി നം./പേര് | വാടകയ്ക്ക് എടുത്ത വ്യക്തിയുടെ പേര് | മാസവാടക (₹) | വാടക കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിച്ച് വരുന്ന ക്യാന്റീൻ | ശ്രീമതി ലതാകുമാരി, അത്തം കാറ്ററിംഗ് സർവീസ് | 1,500/- | 3,000/- ഫെബ്രുവരി, മാർച്ച് |
| 2 | ബ്ലോക്ക് പഞ്ചായത്ത് കോമൺ ഫെസിലിറ്റേഷൻ സെന്റർ റൂം നം:3 | ശ്രീമതി സുധർമിനി, തറയിൽ വീട് | 1,500/- | 12,000/- (1500*8) ആഗസ്റ്റ് - മാർച്ച് |
| 3 | ബ്ലോക്ക് പഞ്ചായത്ത് കോമൺ ഫെസിലിറ്റേഷൻ സെന്റർ 2 റൂം (റൂം നം. ലഭ്യമല്ല) | ശ്രീമതി സുമാബായി, സെക്രട്ടറി, ശ്രീകൃഷ്ണ മുരാരി കുടുംബശ്രീ | 1,500/-+1,500/- | 6,000/-(1500*2+1500*2) ഫെബ്രുവരി, മാർച്ച് |

മേൽ കടമുറിയുടെ വാടക കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുക ഈടാക്കി ഒടുക്കിയ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5 /30.11.2023.

## 1-11 വാടക തുകയുടെ കൂടെ ജി.എസ്.റ്റി ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിച്ച് വരുന്ന ക്യാന്റീൻ വാടകയ്ക്ക് ഏറ്റെടുക്കുന്നവരിൽ നിന്നും മാസവാടക തുകയുടെ കൂടെ 18% ജി.എസ്.റ്റി. ഈടാക്കി വരുന്നില്ല. 12.04.2017-ലെ Central Goods & Service Act 2017 (Central Act 12 Of 2017) ഉത്തരവ് നിലവിൽ വന്നത് പ്രകാരം വാടകയോടൊപ്പം 18% ജി.എസ്.റ്റി. ഈടാക്കേണ്ടതാണ്. എന്നാൽ നാളിതുവരെയും അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക തുകയുടെ കൂടെ 18% ജി.എസ്.റ്റി. കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 5/30.11.23.

## 1-12 ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് സംരംഭം - പ്രവർത്തനം തുടങ്ങിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വ്യവസായ വികസന ഓഫീസർ |
| പ്രോജക്ട് നം. | 112/23, ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് |
| അടങ്കൽ തുക | 3,00,000/-രൂപ (വികസന ഫണ്ട്-1,50,000/-രൂപ മറ്റുള്ളവ: 1,50,000/-രൂപ) |
| ചെലവഴിച്ച തുക | 1,50,000/- (ബിൽ നം. 2/30.03.23) |

50% സബ്സിഡി അനുവദിക്കാവുന്ന പ്രോജക്റ്റിൽ ഫുഡ് പ്രോസ്സസിംഗ് യൂണിറ്റ് തുടങ്ങുന്നതിലേക്കായി 2 പേർ അടങ്ങിയ ഐക്യം ഫുഡ് പ്രോസ്സസിംഗ് യൂണിറ്റിന്റെ കേരള ഗ്രാമീൺ ബാങ്കിന്റെ കണ്ണനല്ലൂർ ശാഖയിലെ ജോയിന്റ് അക്കൗണ്ടിലേക്ക് (A/C നം. 40615101123362) സബ്സിഡി തുകയായ 1,50,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ജോയിന്റ് അക്കൗണ്ടിലേക്ക് ലോൺ അനുവദിക്കാൻ കഴിയാത്തതിനാൽ യൂണിറ്റിന്റെ ലോൺ അക്കൗണ്ടിലേക്ക് (A/C നം. 61515338000223) ബാങ്കിൽ നിന്നും 3,00,000/- രൂപ ലോൺ അനുവദിക്കുകയും ചെയ്തു. എന്നാൽ സബ്സിഡി തുകയായ 1,50,000/- രൂപ നാളിതുവരെ ലോൺ അക്കൗണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നിലവിൽ സംരംഭകയുടെ കുടുംബാംഗത്തിന് ഉള്ള ആരോഗ്യ പ്രശ്നങ്ങൾ കാരണം യൂണിറ്റ്

തൃപ്തികരമായ രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നും സംരംഭത്തിന്റെ പ്രവർത്തനം തൃപ്തികരമായി നടക്കുന്ന എന്ന് ബോധ്യപ്പെടുന്ന പക്ഷം ആയത് ബാങ്കിനെ അറിയിക്കുന്ന മുറയ്ക്ക് സബ്സിഡി തുകയായ 1,50,000/- രൂപ യൂണിറ്റിന്റെ ലോൺ അക്കൗണ്ടിലേക്ക് വരവ് വെച്ച് കൊടുക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയ രേഖകൾ ലഭ്യമാക്കാത്തതിനാൽ സബ്സിഡി ഇനത്തിൽ അനുവദിച്ച 1,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയ വിശദാംശങ്ങൾ ലഭ്യമാക്കാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. : 6/30.11.23

തടസ്സപ്പെടുത്തിയ തുക : 1,50,000/- രൂപ.

1-13 സബ്സിഡി മാർഗ്ഗരേഖ ലംഘനം - അധിക ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസ്സി.ഡയറക്ടർ |
| പ്രോജക്ട് നം. | 87/23, എക്കോഷോപ്പ് |
| അടങ്കൽ തുക | 2,50,000/-രൂപ<br>(വികസന ഫണ്ട്-2,00,000/-രൂപ<br>ഗുണഭോക്തൃവിഹിതം- 50,000/-രൂപ) |
| ചെലവഴിച്ച തുക | 2,00,000/-രൂപ (ബിൽ നം. 5/30.03.23)<br>50,000/-രൂപ (ചെക്ക് നം. 7943886/28.03.23) |

കൃഷി അസ്സി. ഡയറക്ടർ നിർവ്വഹണം നടത്തിയ എക്കോഷോപ്പ് പദ്ധതിയിൽ (SOO 87/23), എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യവും, ജൈവ ഉൽപ്പന്നങ്ങളുടെ ട്രാൻസ്പോർട്ടേഷനും, സംഭരണത്തിനുമുള്ള സൗകര്യങ്ങൾക്കായും വികസന ഫണ്ടിൽ നിന്ന് 1,00,000/-രൂപ മതിപ്പ് ചെലവ് കണക്കാക്കി വകയിരുത്തുകയും പദ്ധതിയുടെ രണ്ടാം ഘടകമായി റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് വികസനഫണ്ടിൽ നിന്ന് 1,00,000/-രൂപയും ഗുണഭോക്തൃവിഹിതം 50,000/-രൂപയും ഉൾപ്പെടെ ആകെ 2,50,000/-രൂപയാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. 14-ാം പഞ്ചവത്സരപദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)115/2022/തസ്വഭവ തീയതി 28.05.2022) 6.1 ക്രമ നം. 21 പ്രകാരം കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ, VFPCK, എക്കോഷോപ്പുകൾ, നാളീകേര ഉൽപാദന കമ്പനികൾ, നാളീകേര ഉൽപാദക ഫെഡറേഷൻ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി, സഹകരണ സംഘങ്ങൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആയിരിക്കണമെന്നും കെട്ടിട നിർമ്മാണം ഒഴികെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് ആന്റ് ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവയ്ക്കുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി ഫെബ്രുവരി മാസത്തിൽ നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതു പ്രകാരം എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും, ട്രാൻസ്പോർട്ടേഷനുമായി 1,00,000/-രൂപ മതിപ്പ ചെലവ് കണക്കാക്കിയിട്ടുള്ളതിന്റെ 50% ആയ 50,000/-രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ.

ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ലോജിസ്റ്റിക് ഇനത്തിൽ ആകെ ചെലവായ 1,04,479/-രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയപ്പോൾ 1,00,000/-രൂപ അനുവദിച്ച് നൽകിയിരിക്കുന്നു. (KAICO-ൽ നിന്നുമുള്ള ചെലവ് രേഖകൾ പ്രകാരം KAICO-യുടെ അക്കൗണ്ടിലേക്ക് 90,889/-രൂപയും മറ്റ് ചെലവ് രേഖകൾ പ്രകാരം ഹരിതശ്രീ എക്കോഷോപ്പിന്റെ അക്കൗണ്ടിലേക്ക് 9,111/-രൂപയും നൽകി.) ഇത് അനുവദനീയമല്ല.

മേൽ സബ്സിഡി മാർഗ്ഗരേഖ ഖ. 6.1, ക്രമ നം. 44 കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ പ്രോജക്ട് ഏറ്റെടുക്കാം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് റിവോൾവിംഗ് ഫണ്ടിനത്തിൽ 1,00,000/-രൂപ നൽകിയിട്ടുള്ളത് മാർഗ്ഗരേഖ ലംഘനമായിതിനാൽ ടി തുക അനുവദനീയമല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമുണ്ടെങ്കിൽ മുൻവർഷത്തെ വകുപ്പുതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ് എന്ന നിർദ്ദേശപ്രകാരമാണ് 2,50,000/-രൂപ വകയിരുത്തിയതെന്നും, കൂടാതെ ഇളമ്പള്ളൂർ എ-ഗ്രേഡ് ക്ലസ്റ്റർ 7Ha സ്ഥലത്തുള്ള പച്ചക്കറി കൃഷി ചെയ്യുന്ന 45 കർഷകർ

അടങ്ങിയ VDP ഡിസ്ട്രിക്ട് ക്ലസ്റ്റർ ആണെന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഹെക്ടർ ഒന്നിന് 50,000/-രൂപ അനുവദിച്ച് നൽകാമെന്നതിനാലാണ് 1,00,000/-രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകിയതെന്നുമാണ് മറുപടി നൽകിയത്.

14-ാം പഞ്ചവത്സരപദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ 4(1), (2) പ്രകാരം ഈ മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ തൊട്ട് മുൻവർഷത്തെ വകുപ്പുതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണെന്നും, ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവിന്റെ നമ്പറും തീയതിയും ഇനങ്ങളും തുകയും പ്രോജക്ടിൽ രേഖപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ തദ്ദേശ ഭരണ സ്ഥാപന സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി നിരക്ക് ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. ഇത് പരിശോധിച്ച് വേണം അംഗീകാരം നൽകേണ്ടത്. എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയ രണ്ട് ഘടകങ്ങളും സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നതും വ്യക്തമായി സബ്സിഡി നിരക്കുകൾ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം മേൽ സബ്സിഡി മാർഗ്ഗരേഖ 4(1), (2) പ്രകാരമുള്ള സബ്സിഡി നൽകുന്നതിന് പരിഗണനീയമല്ല.

പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മാർഗ്ഗരേഖ വിരുദ്ധമായി എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി അധികമായി നൽകിയ 50,000/-രൂപയും, റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയ 1,00,000/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 4/29.11.23.
നിരാകരിക്കുന്ന തുക : 1,50,000/- രൂപ.
(ഓഡിറ്റ് എവിഡൻസ് ആയി പ്രോജക്ട് ഫോറവും ചെലവ് രേഖകളും അനുബന്ധമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-14 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നെടുമ്പന, മയ്യനാട് നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി K.M.S.C.L, IHDB-ൽ അടവാക്കിയ 8,89,457.5/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L/ IHDB യ്ക്ക് നൽകിയ തുക (രൂപ) | ബിൽ നം/തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 145/23- സെക്കന്ററി പാലിയേറ്റീവ് -വികസനഫണ്ട് 1714990/- | 655600/-(IHDB) | 151/ 07-11-2022(ACRപ്രകാരം) | 212891.5/- | 442708.50/- |
| 17/23-മയ്യനാട് എഫ്.എച്ച്.സിക്ക് മരുന്ന് വാങ്ങൽ റോഡിതരം- 1498350/- | 1498350/- (KMSCL) | ബിൽ നം-1/1321386-22/6/22<br>ബിൽ നം-10/154909-9/12/22<br>ബിൽ നം-13/22055-9/1/23 | 1051601/- | 446749/- |
| | | | ആകെ തുക | 889457.5/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭിച്ചില്ല.
മേൽ സാഹചര്യത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 889457.5 /- രൂപ തടസ്സപ്പെടുത്തുന്നു.
മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 8/30.11.2023 & 12/30.11.2023.
തടസ്സപ്പെടുത്തിയ ചെലവ് – 889457.5 /- രൂപ.

## 1-15 കേരള ഫീഡ്സിന് തുക അധികം നൽകി

പ്രോജക്റ്റ് നം. – 161
കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

വികസനഫണ്ട് അടങ്കൽ – 1,93,681/-രൂപ
ചെലവ് – 1,93,681/-രൂപ

ബിൽ നം. – 182/28-11-22

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് കാലിത്തീറ്റ വിതരണം. ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കിയ ഈ പദ്ധതിയിൽ ക്ഷീരകർഷകന് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനാണ് വികസന ഫണ്ട് വകയിരുത്തിയത്. ഗുണഭോക്തൃവിഹിതം 50% ക്ഷീരസംഘങ്ങൾ മുഖേനയാണ് അടവാക്കുന്നത്.

മയ്യനാട് – 60 ബാഗ് – 40,350/-രൂപ (ബി.സി. ഇനത്തിൽ ശേഖരിച്ച തുക നേരിട്ട് അടവാക്കുന്നത്)
ചെറിയേല – 45 ബാഗ് – 30,263/-രൂപ („)
കൊറ്റംകര – 59 ബാഗ് – 39,678/-രൂപ („)
നല്ലിയോട് – 22 ബാഗ് – 14,795/- രൂപ („)
പേരയം – 22 ബാഗ് – 14,795/- രൂപ („)
കുണ്ടറ – 80 ബാഗ് – 53,800/- രൂപ („)

ആകെ – 288 ബാഗ് കാലിത്തീറ്റ വിതരണം ചെയ്ത വകയിൽ കേരള ഫീഡ്സിന് ബിൽ നം. 182/28-11-22 ൽ 1,93,681/-രൂപ നൽകിയിട്ടുണ്ട്. കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ വിതരണം ചെയ്ത ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ലഭ്യമായ ബാഗുകളുടെ എണ്ണം | ആകെ വില (₹) |
|---|---|---|---|
| 1 | KFLP1-21-22035898 | 60 | 78,000/- |
| 2 | 035899 | 45 | 58,500/- |
| 3 | 035900 | 59 | 76,700/- |
| 4 | 037337 | 22 | 28,600/- |
| 5 | 037335 | 22 | 28,600/- |
| 6 | 042448 | 80 | 1,04,000/- |
| | ആകെ | 288 | 3,74,400/- |

കേരള ഫീഡ്സിന്റെ ഇൻവോയ്സ് പ്രകാരം 288 ബാഗ് കാലിത്തീറ്റ എല്ലാ നികുതിയും മറ്റും ഉൾപ്പെടെ ആകെ 3,74,400/-രൂപയാണ് വില നൽകിയിട്ടുള്ളത്. ബിൽ തുകയുടെ 50% തുകയായ 1,87,200/-രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്ന് സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 6,481/-രൂപ (193681-187200) നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് കേരളഫീഡ്സിന് മെയിൽ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

നിരാകരിച്ച തുക – 6,481/-/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 3 തീയതി-28/11/23.

1-16 പാനൽ എഞ്ചിനീയർമാർ മുഖേനയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളുടെ നിർവ്വഹണം- സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.
എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നു കാണുന്നു. കൂടാതെ, പ്രവൃത്തിയുടെ

ഇലക്ട്രിക്കൽ ഡ്രോയിംഗ്, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/23 (Spill Over) |
| പ്രോജക്ടിന്റെ പേര് | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിലെ തെക്കേവിള കോളനിയിലെ കിണർ നവീകരണം. ( പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിഫിക്കേഷൻ) |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 95,888/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. സതീഷ് കുമാർ (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 30/AE/LSGD/MBP/21-22/30.3.2022 |
| ബിൽ നം./തീയതി, തുക | XVFC/22-23/P/31/16.3.23, 60,700/- രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 48,538/- രൂപ കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

CC Ist & Final Bill

ആകെ പ്രവൃത്തിമൂല്യം = 48,538/-രൂപ

(+)18% GST......... = 8,737/-രൂപ

------------

ആകെ................ = 57,275/-രൂപ

Estimate Preparation Charge = 2,569/-രൂപ

Check Measurement Charge = 856/-രൂപ

-----------

ആകെ........................= 60700/-രൂപ

1% SGST = 485/-രൂപ

1% CGST = 485/-രൂപ

1% IT = 485/-രൂപ

1% WF = 485/-/-രൂപ = 1940/-രൂപ

-------------

ബാക്കി = 58,760/- രൂപ

(ടി തുകയിൽ നിന്നും 55,335/-രൂപ കരാറുകാരനും, Estimate Preparation Charge ഇനത്തിൽ 2,569/- രൂപയും, Check Measurement Charge ഇനത്തിൽ 856/- രൂപയും പാനൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.)

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/23 (Spill Over) |
| പ്രോജക്ടിന്റെ പേര് | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ പത്തൊൻപതാം വാർഡിലെ SMC-യിലെ പൊതു കിണർ നവീകരണവും പമ്പ്ഹൗസ് നിർമ്മാണവും ( പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിഫിക്കേഷൻ) |
| നിർവഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 95,909/-രൂ.(CFC) |
| കരാറുകാരൻ | ശ്രീ.സതീഷ് കുമാർ (എസ്റ്റിമേറ്റ് നിരക്ക്) |
| എഗ്രിമെന്റ് നം/തീയതി | 31/AE/LSGD/MBP/21-22/30.3.2022 |
| ബിൽ നം./തീയതി, തുക | XVFC/22-23/P/32/16.3.23, 61,488/- രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 49,206/- രൂ. കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

CC Ist & Final Bill

ആകെ പ്രവൃത്തിമൂല്യം = 49,206/-രൂപ

(+)18% GST ..........= 8,857/-രൂപ

------------

ആകെ.................. =58063/-രൂപ

Estimate Preparation Charge = 2569/-രൂപ

Check Measurement Charge = 856/-രൂപ

-----------

ആകെ......................... =61,488/-രൂപ

1% SGST = 492/-രൂപ

1% CGST = 492/-രൂപ

1% IT = 492/-രൂപ

1% WF = 492 = 1,968/-രൂപ

-------------

ബാക്കി ..........= 59520/- രൂപ

(ടി തുകയിൽ നിന്നും 56,095/- രൂപ കരാറുകാരനും, Estimate Preparation Charge ഇനത്തിൽ 2,569/- രൂപയും, Check Measurement Charge ഇനത്തിൽ 856/- രൂപയും പാനൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.)

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/23 (Spill Over) |
| പ്രോജക്ടിന്റെ പേര് | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്<br>( എൽ.എസ്.ജി.ഡി. ഓഫീസ് ഇലക്ട്രിഫിക്കേഷൻ) |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ തുക | 1,00,000/-രൂപ (MGNR) |
| കരാറുകാരൻ | ശ്രീ. സുനിൽ ലാൽ (99,700/-രൂപ) |
| എഗ്രിമെന്റ് നം/തീയതി | 29/AE/LSGD/MBP/21-22/30.3.2022 |
| ബിൽ നം./തീയതി, തുക | BRN.22030163074800493107/1.9.22, 94,264/- രൂപ. |

പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 81,110/- രൂ. കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

CC Ist & Final Bill

ആകെ പ്രവൃത്തിമൂല്യം = 81,110/-രൂപ

(+)12% GST......... = 9733/-രൂപ

------------

ആകെ ................=58,063/-രൂപ

Estimate Preparation Charge = 2,566/-രൂപ

Check Measurement Charge = 855/-രൂപ

-----------

ആകെ ........................= 94,264/-രൂപ

1% SGST = 811/-രൂപ

1% CGST= 811/-രൂപ

1% IT = 811/-രൂപ

1% WF = 811 = 3,244/-രൂപ

-------------

ബാക്കി......... = 91020/- രൂപ.

(ടി തുകയിൽ നിന്നും 87,599/-രൂപ കരാറുകാരനും, Estimate Preparation Charge ഇനത്തിൽ 2,566/- രൂപയും, Check Measurement Charge ഇനത്തിൽ 855/- രൂപയും പാനൽ ഇലക്ട്രിക്കൽ എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.)

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/30.11.23) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നൽകിയ മറുപടിയിൽ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കുന്നുവെന്നും മേലിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ നിർവഹണോദ്യോഗസ്ഥനും പാനൽ എഞ്ചിനീയർമാരുമായി കരാറിൽ ഏർപ്പെടണമെന്നുള്ള നിർദ്ദേശം പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-17 ഇ-ടെണ്ടർ ഫാറവില പൂർണ്ണമായും തനതുഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കണം.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ മുഖത്തല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (A/c No. 37251610427, SBI, കണ്ണനല്ലൂർ ശാഖ) 24.11.2023-ലെ നീക്കിയിരിപ്പ് 11248.50 രൂപയാണ്. ടി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 9/30.11.23) മറുപടിയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നിലവിൽ ഇതുമായി ബന്ധപ്പെട്ട് തുകകൾ ഒന്നും ലഭിക്കാനില്ലെന്നും അസിസ്റ്റന്റ് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 1,79,810/-രൂപ (1/22 മുതൽ 3/23 വരെ കാലയളവിൽ ക്രെഡിറ്റ് ചെയ്തത്) ചെക്ക് നം. 451782/ 21.11.2023 പ്രകാരവും, 98,235/-രൂപ (7/23 മുതൽ 10/23 വരെ കാലയളവിൽ ക്രെഡിറ്റ് ചെയ്തത്) ചെക്ക് നം. 451783/ 24.11.2023 പ്രകാരവും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. അക്കൗണ്ടിൽ അവശേഷിക്കുന്ന 11248.50 രൂപ. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-18 നിർവ്വഹണ സാദ്ധ്യത പരിഗണിക്കാതെ പ്രോജക്ട് രൂപീകരിച്ചു- പദ്ധതി നിർവ്വഹണം ഭാഗികം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 24/23 (Spill Over Of 131/22) |
| പ്രോജക്ടിന്റെ പേര് | നെടുമ്പന സി.എച്ച്.സി.യിൽ ആർ.ആർ.എഫ്. യൂണിറ്റ് കം ടേക്ക്-എ-ബ്രേക്ക്. |
| നിർവ്വഹണം | അസി. എക്സി. എഞ്ചിനീയർ |
| അടങ്കൽ തുക | 29,72,822/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. ഷെരീഫ് എം. (25,70,597.67 രൂപ) |
| എഗ്രിമെന്റ് നം/തീയതി | 3/AEE/LSGD/MBP/21-22/3.2.2022 |
| ബിൽ നം./തീയതി, തുക | BRN.22030173073900419177/12.8.22, 8,72,029/- രൂപ |

RRF യൂണിറ്റ്, ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ്, നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ഡിസ്പോസർ എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് 29,72,822/- രൂപ വകയിരുത്തി പ്രസ്തുത പ്രോജക്ട് രൂപീകരിച്ചത്. എന്നാൽ ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് ചെയ്യുവാൻ തർക്കം വന്നതിനാൽ അത് ഒഴിവാക്കി RRF യൂണിറ്റ് മാത്രം ചെയ്യുന്നതിന് അസി. എക്സി. എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. (ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 2(2)/ 8.7.2022). അതിന്റെ അടിസ്ഥാനത്തിൽ RRF യൂണിറ്റ് മാത്രം ചെയ്യുന്നതിന് GST ഉൾപ്പടെ 8,89,319.20 രൂപ അടങ്കൽ വകയിരുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 7,78,597/- രൂ. കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

CC Ist & Final Bill

ആകെ പ്രവൃത്തിമൂല്യം = 7,78,597/-രൂപ

(+)12% GST .........= 93,432/-രൂപ

------------

ആകെ ...............= 8,72,029/-രൂപ

1% SGST = 7,786/-രൂപ

1% CGST = 7,786/-രൂപ

1% IT = 7,786/-രൂപ

1% WF = 7,786/-രൂപ = 31,144/-രൂപ

-------------

കരാറുകാരന് നൽകിയത് = 8,40,885/- രൂപ.

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/18.11.23) ലഭ്യമാക്കിയ മറുപടിയിൽ RRF യൂണിറ്റും, ടേക്ക്-എ-ബ്രേക്കും നിർമ്മിക്കുന്ന വിധത്തിലായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തിരുന്നതെന്നും, ആയതിൻ പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർവ്വഹണത്തിലേക്ക് കടക്കുന്ന വേളയിൽ ടേക്ക്-എ-ബ്രേക്ക് സ്ഥാപിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും എതിർപ്പുണ്ടാവുകയും ആയത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ടേക്ക്-എ-ബ്രേക്ക് ഒഴിവാക്കി RRF യൂണിറ്റ് മാത്രം ചെയ്യാൻ തീരുമാനിക്കുകയും നിർവ്വഹണത്തിനായി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഓഡിറ്റ് പരാമർശത്തിന്റെ ഗൗരവം മനസ്സിലാക്കി, ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ നിർവ്വഹണസാദ്ധ്യത കൂടി മനസ്സിലാക്കുന്നതിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-19 വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ല-തടസ്സപ്പെടുത്തുന്ന തുക – 4,56,276/-രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | 22/23 (Spill Over Of 86/22) |
| പ്രോജക്ടിന്റെ പേര് | തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ പി.കെ.ജംഗ്ഷൻ ക്രഷറിനു സമീപം പൊതുകിണർ പുനരുദ്ധാരണവും കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തലും |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | 10,00,000/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. സുനിൽകുമാർ (7,69,548.27 രൂപ.) |
| എഗ്രിമെന്റ് നം/തീയതി | 27/AE/LSGD/MBP/21-22/28.12.2021 |
| ബിൽ നം./തീയതി, തുക | XVFC/22-23/P/2/21.12.22,<br>4,56,276/- രൂപ |

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് അടങ്കൽ തുകയായ 10 ലക്ഷം രൂപയിൽ വൈദ്യുതീകരണ പ്രവൃത്തികൾക്കായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽത്തന്നെ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സിവിൽ വർക്കുകളുടെ ആകെ പ്രവൃത്തിമൂല്യം 4,07,389/- രൂപ കണക്കാക്കി ചുവടെ ചേർക്കുന്ന തരത്തിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്.

CC Ist & Final Bill

ആകെ പ്രവൃത്തിമൂല്യം = 4,07,389/-രൂപ

(+)12% GST .........= 48,887/-രൂപ

------------

ആകെ ................= 4,56,276/-രൂപ

1% SGST = 4,074/-രൂപ

1% CGST = 4,074/-രൂപ

1% IT = 4,074/-രൂപ

1% WF = 4,074/-രൂപ = 16,296/-രൂപ

-------------

കരാറുകാരന് നൽകിയത് = 4,39,980/- രൂപ

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/30.11.23) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തിക്കായി ഇലക്ട്രിഫിക്കേഷനു വേണ്ടി വകയിരുത്തിയ തുകയ്ക്കുള്ള ഇ-ടെണ്ടർ

ക്ഷണിച്ചപ്പോൾ ആരും തന്നെ ടെണ്ടറിൽ പങ്കെടുക്കാതിരുന്നതിനാൽ പുനർ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും ആയത് 8.12.2023-ൽ തുറന്ന് പരിശോധിക്കുന്നതാണെന്നും ടെണ്ടർ നടപടികൾ പൂർത്തയായാലുടൻ തന്നെ നിർവ്വഹണഘട്ടത്തിലേക്ക് കടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 4,56,276/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 4,56,276/- രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി മാർഗ്ഗരേഖ ലംഘനം - അധിക ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി അസ്സി.ഡയറക്ടർ |
| പ്രോജക്ട് നം. | 87/23, എക്കോഷോപ്പ് |
| അടങ്കൽ തുക | 2,50,000/-രൂപ<br>(വികസന ഫണ്ട്-2,00,000/-രൂപ<br>ഗുണഭോക്തൃവിഹിതം- 50,000/-രൂപ) |
| ചെലവഴിച്ച തുക | 2,00,000/-രൂപ (ബിൽ നം. 5/30.03.23)<br>50,000/-രൂപ (ചെക്ക് നം. 7943886/28.03.23) |

കൃഷി അസ്സി. ഡയറക്ടർ നിർവ്വഹണം നടത്തിയ എക്കോഷോപ്പ് പദ്ധതിയിൽ (SOO 87/23), എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യവും, ജൈവ ഉൽപ്പന്നങ്ങളുടെ ട്രാൻസ്പോർട്ടേഷനും, സംഭരണത്തിനുമുള്ള സൗകര്യങ്ങൾക്കായും വികസന ഫണ്ടിൽ നിന്ന് 1,00,000/-രൂപ മതിപ്പ് ചെലവ് കണക്കാക്കി വകയിരുത്തുകയും പദ്ധതിയുടെ രണ്ടാം ഘടകമായി റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് വികസനഫണ്ടിൽ നിന്ന് 1,00,000/-രൂപയും ഗുണഭോക്തൃവിഹിതം 50,000/-രൂപയും ഉൾപ്പെടെ ആകെ 2,50,000/-രൂപയാണ് അടങ്കൽ നിശ്ചയിച്ചിട്ടുള്ളത്. 14-ാം പഞ്ചവത്സരപദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.)115/2022/തസ്വഭവ തീയതി 28.05.2022) 6.1 ക്രമ നം. 21 പ്രകാരം കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ, VFPCK, എക്കോഷോപ്പുകൾ, നാളീകേര ഉൽപാദന കമ്പനികൾ, നാളീകേര ഉൽപാദക ഫെഡറേഷൻ, ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി, സഹകരണ സംഘങ്ങൾ എന്നിവ നടത്തുന്ന വിപണന കേന്ദ്രങ്ങൾ ആയിരിക്കണമെന്നും കെട്ടിട നിർമ്മാണം ഒഴികെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, കെട്ടിട വാടക, ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് ആന്റ് ബില്ലിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം, വൈദ്യുതി ചാർജ്, വെള്ളക്കരം എന്നിവയുള്ള ആകെ തുകയുടെ 50% വാർഷിക ധനസഹായമായി ഫെബ്രുവരി മാസത്തിൽ നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇതു പ്രകാരം എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും, ട്രാൻസ്പോർട്ടേഷനുമായി 1,00,000/-രൂപ മതിപ്പ ചെലവ് കണക്കാക്കിയിട്ടുള്ളതിന്റെ 50% ആയ 50,000/-രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ.

ഇൻഫ്രാ സ്ട്രക്ച്ചർ ആന്റ് ലോജിസ്റ്റിക് ഇനത്തിൽ ആകെ ചെലവായ 1,04,479/-രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയപ്പോൾ 1,00,000/-രൂപ അനുവദിച്ച് നൽകിയിരിക്കുന്നു. (KAICO-ൽ നിന്നുമുള്ള ചെലവ് രേഖകൾ പ്രകാരം KAICO-യുടെ അക്കൗണ്ടിലേക്ക് 90,889/-രൂപയും മറ്റ് ചെലവ് രേഖകൾ പ്രകാരം ഹരിതശ്രീ എക്കോഷോപ്പിന്റെ അക്കൗണ്ടിലേക്ക് 9,111/-രൂപയും നൽകി.) ഇത് അനുവദനീയമല്ല.

മേൽ സബ്സിഡി മാർഗ്ഗരേഖ ഖ. 6.1, ക്രമ നം. 44 കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമേ പ്രോജക്ട് ഏറ്റെടുക്കാം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് റിവോൾവിംഗ് ഫണ്ടിനത്തിൽ 1,00,000/-രൂപ നൽകിയിട്ടുള്ളത് മാർഗ്ഗരേഖ ലംഘനമായിതിനാൽ ടി തുക അനുവദനീയമല്ല. അപാകതകൾ സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമുണ്ടെങ്കിൽ മുൻവർഷത്തെ വകുപ്പുതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണ് എന്ന നിർദ്ദേശപ്രകാരമാണ് 2,50,000/-രൂപ വകയിരുത്തിയതെന്നും, കൂടാതെ ഇളമ്പള്ളൂർ എ-ഗ്രേഡ് ക്ലസ്റ്റർ 7Ha സ്ഥലത്തുള്ള പച്ചക്കറി കൃഷി ചെയ്യുന്ന 45 കർഷകർ അടങ്ങിയ VDP ഡിസ്ട്രിക്ട് ക്ലസ്റ്റർ ആണെന്നും സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഹെക്ടർ ഒന്നിന് 50,000/-രൂപ അനുവദിച്ച് നൽകാമെന്നതിനാലാണ് 1,00,000/-രൂപ റിവോൾവിംഗ് ഫണ്ട് ആയി നൽകിയതെന്നുമാണ് മറുപടി നൽകിയത്.

14-ാം പഞ്ചവത്സരപദ്ധതി സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ 4(1), (2) പ്രകാരം ഈ മാർഗ്ഗരേഖയിൽ ഇല്ലാത്തതും സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ തൊട്ട് മുൻവർഷത്തെ വകുപ്പുതല സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാവുന്നതാണെന്നും, ഇതിനായി നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവിന്റെ നമ്പറും തീയതിയും ഇനങ്ങളും തുകയും പ്രോജക്ടിൽ രേഖപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ തദ്ദേശ ഭരണ സ്ഥാപന സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി നിരക്ക് ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. ഇത് പരിശോധിച്ച് വേണം അംഗീകാരം നൽകേണ്ടത്. എന്നാൽ ഈ പ്രോജക്ടിന്റെ ഭാഗമായി നടപ്പിലാക്കിയ രണ്ട് ഘടകങ്ങളും സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നതും വ്യക്തമായി സബ്സിഡി നിരക്കുകൾ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം മേൽ സബ്സിഡി മാർഗ്ഗരേഖ 4(1), (2) പ്രകാരമുള്ള സബ്സിഡി നൽകുന്നതിന് പരിഗണനീയമല്ല.

പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മാർഗ്ഗരേഖ വിരുദ്ധമായി എക്കോഷോപ്പിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി അധികമായി നൽകിയ 50,000/-രൂപയും, റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയ 1,00,000/-രൂപയും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 4/29.11.23.
നിരാകരിക്കുന്ന തുക : 1,50,000/- രൂപ.
(ഓഡിറ്റ് എവിഡൻസ് ആയി പ്രോജക്ട് ഫോറവും ചെലവ് രേഖകളും അനുബന്ധമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

3-2 കേരള ഫീഡ്സിന് തുക അധികം നൽകി

പ്രോജക്ട് നം. – 161
കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി

വികസനഫണ്ട് അടങ്കൽ – 1,93,681/-രൂപ
ചെലവ് – 1,93,681/-രൂപ

ബിൽ നം. – 182/28-11-22

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് കാലിത്തീറ്റ വിതരണം. ക്ഷീരസംഘങ്ങൾ മുഖേന നടപ്പിലാക്കിയ ഈ പദ്ധതിയിൽ ക്ഷീരകർഷകന് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനാണ് വികസന ഫണ്ട് വകയിരുത്തിയത്. ഗുണഭോക്തൃവിഹിതം 50% ക്ഷീരസംഘങ്ങൾ മുഖേനയാണ് അടവാക്കുന്നത്.

മയ്യനാട് – 60 ബാഗ് – 40,350/-രൂപ (ബി.സി. ഇനത്തിൽ ശേഖരിച്ച തുക നേരിട്ട് അടവാക്കുന്നത്)
ചെറിയേല – 45 ബാഗ് – 30,263/-രൂപ („)
കൊറ്റംകര – 59 ബാഗ് – 39,678/-രൂപ („)
നല്ലിയോട് – 22 ബാഗ് – 14,795/- രൂപ („)
പേരയം – 22 ബാഗ് – 14,795/- രൂപ („)
കുണ്ടറ – 80 ബാഗ് – 53,800/- രൂപ („)

ആകെ – 288 ബാഗ് കാലിത്തീറ്റ വിതരണം ചെയ്ത വകയിൽ കേരള ഫീഡ്സിന് ബിൽ നം. 182/28-11-22 ൽ 1,93,681/- രൂപ നൽകിയിട്ടുണ്ട്. കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ വിതരണം ചെയ്ത ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ലഭ്യമായ ബാഗുകളുടെ എണ്ണം | ആകെ വില (₹) |
|---|---|---|---|
| 1 | KFLP1-21-22035898 | 60 | 78,000/- |
| 2 | 035899 | 45 | 58,500/- |

| | | | |
|---|---|---|---|
| 3 | 035900 | 59 | 76,700/- |
| 4 | 037337 | 22 | 28,600/- |
| 5 | 037335 | 22 | 28,600/- |
| 6 | 042448 | 80 | 1,04,000/- |
| | ആകെ | 288 | 3,74,400/- |

കേരള ഫീഡ്സിന്റെ ഇൻവോയ്സ് പ്രകാരം 288 ബാഗ് കാലിത്തീറ്റ എല്ലാ നികുതിയും മറ്റും ഉൾപ്പെടെ ആകെ 3,74,400/-രൂപയാണ് വില നൽകിയിട്ടുള്ളത്. ബിൽ തുകയുടെ 50% തുകയായ 1,87,200/-രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി നൽകേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്ന് സബ്സിഡി ഇനത്തിൽ അധികമായി നൽകിയ 6,481/-രൂപ (193681-187200) നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻഷൻ ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് കേരളഫീഡ്സിന് മെയിൽ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

നിരാകരിച്ച തുക – 6,481/-/-രൂപ
ഓഡിറ്റ് എൻക്വയറി നം. – 3 തീയതി-28/11/23.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 30.11.23 | കെ.എസ്.എ.കെ.എൽ.എം.പി7/2251/23<br>തീയതി 22/12/2023 |

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്റ്റിന്റെ പേര് | ലഭിച്ച തുക (₹) | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | PMAY | 57,62,000/- | 57,62,000/- | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | PMAY | 4,90,000/- | 4,90,000/- | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,770/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2011-12 | 3-1 | 135/- | ശ്രീമതി ഓമന, പ്രസിഡന്റ് | 471/29.08.2022<br>(ട്രഷറി റസീപ്റ്റ്) |

| | | | | |
|---|---|---|---|---|
| 2012-13 | 3-12 | 1,035/- | ശ്രീ. അനിൽ കുമാർ, സെക്രട്ടറി | 513/29.08.2022 (ട്രഷറി റസീപ്റ്റ്) |
| 2013-14 | 3-14 | 600/- | ശ്രീ. അനിൽ കുമാർ, സെക്രട്ടറി | 341/29.08.2022 (ട്രഷറി റസീപ്റ്റ്) |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3(23) | 2001-02 | 1-12 | കൊയ്ത്ത് മെതിയന്ത്രം വാങ്ങിയത് പാഴ്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| - | - | 2014-15 (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട്) | 4.1.13 | 4,00,000/-രൂപ ചെലവിൽ വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയത് എന്നുള്ള വിവരം ലഭ്യമല്ല. | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 1,50,000/- | ശ്രീമതി പ്രീത എൽ, അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-2 | - | 6,481/- | ശ്രീമതി അന ആർ. ബാബു, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 1,50,000/- | ശ്രീ. ശംഭു എസ്, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-14 | 4,42,708/-<br>4,46,749/- | ഡോ. നെബുജോൺ. വി, മെഡിക്കൽ ഓഫീസർ (നെടുമ്പന)<br>ഡോ. സലിലാദേവി, മെഡിക്കൽ ഓഫീസർ (മയ്യനാട്) |
| 1-19 | 4,56,276/- | ശ്രീമതി. കാർത്തിക എൽ ആർ, അസി. എഞ്ചിനീയർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. കാർത്തിക എൽ ആർ,<br>അസി. എഞ്ചിനിയർ | അസി. എഞ്ചിനീയർ,<br>മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | പ്രീയ സദനം, പട്ടത്താനം പി. ഒ,<br>കൊല്ലം |
| ശ്രീമതി. പ്രീത. എൽ,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ്<br>അഗ്രിക്കൾച്ചർ, വയനാട് | കുന്നത്ത് വിളവീട്<br>മങ്ങാട് പി. ഒ, കൊല്ലം . |
| ശ്രീമതി. അന ആർ ബാബു,<br>ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ,<br>മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | ആസിയ മൻസിൽ , ഹൗസ്<br>നമ്പർ-75, മംഗളം നഗർ,<br>മങ്ങാട് പി.ഒ. |
| ഡോ. നെബുജോൺ. വി, മെഡിക്കൽ<br>ഓഫീസർ (നെടുമ്പന) | സസ്പെൻഷൻ | ബെതേനിയ, ശങ്കരൻ നായർ റോഡ്,<br>പേരൂർകാവ് പി.ഒ,<br>തിരുവനന്തപുരം |
| ഡോ. സലിലാദേവി, മെഡിക്കൽ<br>ഓഫീസർ(മയ്യനാട്) | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്. സി, നെടുമൺ കാവ് | കാർത്തിക, നല്ലില പി.ഒ, കൊല്ലം |
| ശ്രീ. ശംഭു എസ്, ഇൻഡസ്ട്രിയൽ<br>എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ<br>ഓഫീസർ, മുഖത്തല<br>ബ്ലോക്ക് പഞ്ചായത്ത് | വെള്ളത്തേരിൽ, പുതുപ്പള്ളി പി.ഒ,<br>കായംകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2000-01 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2001-02 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 2 |
| 2004-05 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2005-06 | കെ.എസ്.എ,കെ,.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി 1376(1)/2014 തീയതി 23.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1376(3)/2014 തീയതി 23.06.14 | 3 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1376(1)/2014 തീയതി 23.06.14 | 12 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1376(2)/2014 തീയതി 23.06.14 | 5 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി 1550(1)/2014 തീയതി 30.06.14 | 8 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2011-12/ 1616/22 തീയതി 29.8.22 | 10 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2012-13& 2013-14 തീയതി 29.8.22 | 14 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2014-15 തീയതി 29.8.22 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2015-16 തീയതി 29.8.22 | 12 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി7/1490/20 തീയതി 18.1.21 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി7/148/22 തീയതി 20.3.22 | 13 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി7/1185/20 തീയതി 10.8.22 | 12 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി7/417/22 തീയതി 21.06.22 | 24 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി7/418/22 തീയതി 05.07.22 | 21 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി7/526 /2023, തീയതി: 12/04/2023 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 30-06-2023 and submitted on 16-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Mukhathala Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mukhathala Block Panchayat for the year 2022-2023

Date: 26/12/2023

Senior Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Mukhathala Block Panchayat for the Year 2022-2023 .**

**1.Major Observations**

**2.Other Observations**

1. The mandatory financial statements prescribed in accounting rules Ratios are not submitted for audit.

2. B1 Schedules is not submitted with AFS.

3. Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Asset register is not maintained.

5. An amount of Rs. 118/- is short in the liability head of joint venture block share.

6. Uncashed bills are included in the ACR.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# പതിമൂന്നാം പഞ്ചവത്സര പദ്ധതി

**പ്രോജക്ട് രൂപീകരണ ഫോറം 1**

**ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ആവശ്യമായ പ്രോജക്ട്**

**പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

SELECTED GROUP MUST SUBMIT A STATEMENT SHOWING TURNOVER FOR THE LAST THREE YEARS ATTESTED BY AO CONCERNED

MUST EXECUTE A BOND WITH THE THE AGRICULTURAL OFFICER AS PER NORMS OF ORGANIC FARMING SCHEME OF DEPT

THE BENEFICIARY GROUP MUST REMIT BENEFICIARY CONTRIBUTION TO THE BLOCK PANCHATH THRU ADA .

INFRASTRUCTURE EXPENSE WILL BE RELEASED BASED ON THE CLAIM FOR MINIMUM 1 LA SUBMITTED BY AGRICULTURAL OFFICER AFTER EFFCTING THE ACTIVTY.

REVOLVING FUND WORTH 1.5 LA IS INCLUSIVE OF THE BC ( 0.5LA) REMITTED BY THE GROUP. THE GROUP MUST MAINTAIN THE EVOLVIND FUND IN THE JOINT ACCOUNT MAINTAINED BY THE GROUP AND AO.

THE ASSISTANCE 2.5LA WILL BE E PAID TO THE ACCOUNT JOINTLY HELD BY THE GROUP SECRETARY AND AGRL OFFICER.HE

A. **ആമുഖം**

1 തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് : മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

2 പ്രോജക്ടിന്റെ പേര് (മലയാളത്തിൽ) : എക്കോഷോപ്പ്

പ്രോജക്ടിന്റെ പേര് (ഇംഗ്ലീഷിൽ) : ECOSHOP

3 പ്രോജക്ട് തരം : ഏകവർഷ പ്രോജക്ട്

4 പ്രോജക്ടിന്റെ നമ്പർ : S0087/23

5 മുൻ വർഷങ്ങളിൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടാണെങ്കിൽ മുൻ വർഷ പ്രോജക്ട് നമ്പരുകൾ

Page 1 of 15 Ver 1.0.1 04-08-2022 14:36:23

6 പ്രോജക്ട് വിഭാഗം(ടിക് ചെയ്യു

7 പ്രോജക്ട് ഉൾപ്പെടുന്ന മുഖ്യ

8 മേഖല

9 ഉപമേഖല

10 സൂക്ഷ്മമേഖല

| ക്രമ നമ്പർ | കോഡ് |
|---|---|
| 1 | 02 |
| 2 | 04 |

11 പ്രോജക്ട് ഉൾപ്പെടുന്ന പ്രദേ

| ക്രമ നമ്പർ | കോഡ് |
|---|---|

12 നിർവ്വഹണ ഉദ്യോഗസ്ഥന്റെ

13 നിർവ്വഹണ രീതിയുടെ കോഡ

14 നിർവ്വഹണം അംഗീകൃത ഏജ

15 നിർവ്വഹണം അക്രഡിറ്റഡ് ഏ

16 നിർവ്വഹണം ഡെപ്പോസിറ്റ്

17 കേന്ദ്രാവിഷ്കൃതപദ്ധതിയുമായി

18 സംസ്ഥാനാവിഷ്കൃതപദ്ധതിയു

19 സംയുക്ത പ്രോജക്ടാണെങ്കിൽ

തദ്ദേശഭരണ സ്ഥാപനം

| ക്രമ നമ്പർ | കോഡ് |
|---|---|

20.1 പ്രോജക്ടിൽ നിർമ്മാണ പ്രവൃത്തി(വ്യക്തിഗതം ഉൾപ്പെടെ) ഉണ്ടോ? : ഇല്ല

20.2 നിലവിലുള്ള പൊതുആസ്തിയുടെ പുനരുദ്ധാരണ/ വിപുലീകരണ/മെയ്ന്റനൻസ് പ്രവൃത്തി ആണോ? : അല്ല

20.3 സാധന സാമഗ്രികളോ സ്ഥലമോ വാങ്ങേണ്ടതുണ്ടോ? : ഇല്ല

20.4 ഏതെങ്കിലും സ്ഥാപനത്തിനോ ഏതെങ്കിലും സ്ഥാപന പ്രവർത്തനംമെച്ചപ്പെടുത്തുന്നതിനോ വേണ്ടി ഉള്ള പ്രോജക്ടാണോ ? : അതെ

20.5 പ്രോജക്ടിൽ പരിശീലന പരിപാടി ഉദ്ദേശിക്കുന്നുണ്ടോ? : ഇല്ല

20.6 തൊഴിൽദായക/വരുമാനദായക സംരംഭ പ്രോജക്ടാണോ? : അതെ

20.7 ഏതെങ്കിലും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചപ്രകാരം തുക കൈമാറുന്നതിനോ വിഹിതം നൽകുന്നതിനോ വേണ്ടിയുള്ള പ്രോജക്ടാണോ? : അല്ല

**B. ലക്ഷ്യങ്ങൾ**

21 പ്രോജക്ടിൻെറ ലക്ഷ്യങ്ങൾ

| ക്രമ നം | പ്രോജക്ടിൻെറ ലക്ഷ്യങ്ങൾ |
|---|---|
| (1) | (2) |
| 1 | ESTABLISHMENT OF ECOSHOP AS PER SCHEME ON ORGANIC FARMING & GAP ( GO (rt)No. 522/2021/AGRI DTD 21/6/2021 ) |

22 നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അല്ലെങ്കിൽ പ്രവൃത്തികൾ, പ്രതീക്ഷിക്കുന്ന നേട്ടം

| {la \w | നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ/ പ്രവൃത്തികൾ* (സാധനസാമഗ്രികൾ വാങ്ങുന്നതുൾപ്പെടെ) | നടത്താനുദ്ദേശിക്കുന്ന പ്രവർത്തനത്തിൻെറ അളവ്, എണ്ണം | പ്രതീക്ഷിക്കുന്ന പ്രയോജനം/ഭൗതിക നേട്ടം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Infrastructure and transporting of organic produce, procurement facities | 1 no. | procure n sale of vegetables n value added products |
| 2 | revolving fund | .1 no | " |

23 സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം :

**C. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ**

24 ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ

| ക്രമ നം | ധനസഹായം/ സേവനം നൽകുന്ന ഇനങ്ങൾ | ഗ്രൂപ്പുകളാണെങ്കിൽ എണ്ണം | ജനറൽ/എസ്.സി./എസ്.ടി | ഗുണഭോക്താക്കളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രത്യേക പരിഗണന നൽകുന്ന വിഭാഗങ്ങളുടെ വിവരങ്ങൾ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | സ്ത്രീ | പുരുഷൻ | ആകെ | എ.പി.എൽ | ബി.പി.എൽ | ആകെ | വിഭാഗം | എണ്ണം |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) |
| 1 | eco shop | 1 | പൊതുവിഭാഗം | 0 | 1 | 1 | 1 | 0 | 1 | | |

25 പദ്ധതി നടത്തിപ്പിൽ ഗുണഭോക്തൃ വിഭാഗത്തിന് പങ്ക് ഉണ്ടോ? : ഉണ്ട്

assistance to best performing and well established groups engaged in agriculture ,specifically vegetables, minimum for the last three years. the criteria for selection will be based on the turnover of the group for the last three years.

26 പ്രോജക്ടിൻറെ പ്രയോജനം ഏതെങ്കിലും ഗുണഭോക്തൃ ഗ്രൂപ്പിനാണെങ്കിൽ ഗ്രൂപ്പിൻറെ/ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ

APPLICATIONS WILL BE RECEIVED FROM EXISTING GROUPS AND BENEFICIARY SELECTED AS SHOWN IN COLMN 25

27 ഗുണഭോക്തൃ സ്ഥാപനമാണെങ്കിൽ സ്ഥാപനത്തിൻറെ വിശദാംശങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻറെ/സ്ഥാപനങ്ങളുടെ പേര് | സ്ഥാനം/സ്ഥലം | വില്ലേജ് | സർവ്വേ നമ്പർ | ഉടമസ്ഥത |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 1 | | | | | |

28 ഗുണഭോക്താക്കളെ(വ്യക്തി/കുടുംബം/ഗ്രൂപ്പ്/സ്ഥാപനം/സംഘം/സമിതി/ഏജൻസി) തിരഞ്ഞെ ടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ

| ക്രമ നം | മാനദണ്ഡം |
|---|---|
| (1) | (2) |
| 1 | ENGAGED IN VEGETABLE CULTIVATION |
| 2 | ENGAGED IN VEGETABLE PROCUREMENT AND MARKETING |
| 3 | ENGAGED IN AGRL EXTENSION |
| 4 | INNOVATIVE AND PROGRESSIVE GROUPS |
| 5 | ENGAGED IN VALUE ADDITION |

29 ഗുണഭോക്താക്കളെ (വ്യക്തി/കുടുംബം/ഗ്രൂപ്പ്/സ്ഥാപനം/സംഘം/സമിതി/ഏജൻസി) തെരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങള്

| ക്രമ നം | മാനദണ്ഡം | മാർക്ക് |
|---|---|---|
| (1) | (2) | (3) |
| 1 | VEGETABLE CULTIVATION | 20 |
| 2 | CURRENTLY RUNNING MARKET | 40 |
| 3 | INVOLVED IN EXTENSION ACTIVITIES | 20 |
| 4 | INNOVATIVE AND PROGRESSIVE GROUPS | 10 |
| 5 | VALUE ADDITION ACTIVITIES | 10 |

**D. സാമ്പത്തിക വിശകലനം**

30 വിഭവ സ്രോതസ്സുകൾ

| ക്രമ നമ്പർ | വിഭവ സ്രോതസ്സിൻറെ | | ഓരോ വർഷവും വകയിരുത്തുന്ന തുക | | | | | ആകെ |
|---|---|---|---|---|---|---|---|---|
| | കോഡ് | പേര് | ഒന്നാം വർഷം | രണ്ടാം വർഷം | മൂന്നാം വർഷം | നാലാം വർഷം | അഞ്ചാം വർഷം | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | 1 | വികസന ഫണ്ട്(പൊതുവിഭാഗം സാധാരണ വിഹിതം) | 200000 | 0 | 0 | 0 | 0 | 200000 |
| 2 | 13 | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 50000 | 0 | 0 | 0 | 0 | 50000 |
| | | **ആകെ അടങ്കൽ** | 250000 | 0 | 0 | 0 | 0 | 250000 |

**E. പ്രവർത്തനങ്ങളുടേയും ചെലവുകളുടേയും വിശദാംശങ്ങൾ**

31 പ്രവർത്തനങ്ങൾ, ചെലവുകൾ, സമയക്രമം, സംഘടനാചുമതല



| ക്രമ നം | പ്രവർത്തന ഇനങ്ങൾ (തുക ചെലവഴിക്കേണ്ടവയും അല്ലാത്തവയും സംഘാടനപരമായവയും | കോളം 2 ലെ ഒരിനത്തിൽ ഒന്നിലധികം തരം ചെലവുകളുണ്ടെങ്കിൽ വിശദാംശങ്ങ |
|---|---|---|
| (1) | (2) | (3) |
| | **2022-2023** | |
| 1 | Infrastructure and transporting of organic produce, procurement facilties | |
| 2 | revolving fund | |
| | **ആകെ അടങ്കൽ** | 2 |

**F. ഭൗതിക ലക്ഷ്യം സംബന്ധിച്ച വിവരങ്ങൾ**

32 നിർമ്മാണ പ്രവൃത്തിയിലൂടെ ആസ്തികൾ ആ

| ക്രമ നമ്പർ | ആസ്തിയുടെ കോഡ് | പേര് |
|---|---|---|
| (1) | (2) | (3) |
| 0 | | |

33 പ്രോജക്റ്റിൽ വസ്തുക്കൾ/ഉപകരണങ്ങൾ/ആ